
# GHSS EDAKKARA

# PASSWORD

## A KEY TO THE WORLD OF IMAGINATION




DIGITAL MAGAZINE 2024

AN ENDEAVOUR OF SCHOOL LITTLE KITES UNIT

# GHSS EDAKKARA

**EDAKKARA P.O MALAPPURAM DISTRICT**
**PIN 679 331 PH: 9037932779**






# EDITORIAL BOARD


## TEACHERS

SHERLY THOMAS (HEADMISTRESS)
SANDHYA S
O SASIDHARAN
AJI P ABRAHAM
HAFIS PANDIKASALA
SHEENA M
VIDYA M
ANIL
MAJIDA P
JASSINA P
ABRAHAM ALEX

## LITTLE KITES MEMBERS

NAHAL K
SHIFA SHERIN C K
DANISH RAHMAN V
RASEENA FATHIMA M K
NIKHILA K P
SHAFNA SHERIN P
SUJISHNA M S
ATHIF SINAN
ADIL ARSHAD
RIFA MEHRIN T
MUHAMMED BASIM
MUHAMMED SHADIN C P
BASIM MUJTHABA N
MUHAMMED RASHID K
MUHAMMED RABEEH
DIYA FATHIMA C P
SIDRA THABSUN
AMEN ZEHMAL
ASHBIN MAMMAD P
ARSHA C P
MUHAMMAD IRFAN NK
MUHAMMED JAASIL K
AJNAS
SAJISHNA M C
MAHIMA K
MADHUSOODANAN
NADEEM ROSHAN K N
ATHIRA V S
DILSHA K
NIHAD A
MUHAMMED SHADIN M F
AKSHITH SHAJI T S
HIBA FATHIMA T
NAJVAN P
AYISHA LAYANA A
SAFVAN V
SHAN ASHRAF P P
RAHEEMA
FAHMI P
HIBA P V
NIDA FATHIMA
NAIFA SHERIN
ADHIL P
MUHAMMED ADHIL M C
S NEERAJ HARSH



**Sherly Thomas**
Head Mistress

വിവരസാങ്കേതികവിദ്യയുടെ ഇക്കാലത്ത് സ്കൂളിന് മുതൽക്കൂട്ടാ യ ഒരു ക്ലബ്ബാണ് "ലിറ്റിൽ കൈറ്റ്സ്." ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി അവർ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനാണ് 'Password'. ഇന്ന് എല്ലാം ഡിജിറ്റലായിക്കൊണ്ടിരിക്കുമ്പോൾ വായനാരീതിയിലും വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. വായനാശീലം മറന്നുകൊണ്ടിരിക്കുന്ന പുതുതലമുറയിലേക്ക് വായന തിരികെ കൊണ്ടുവരാൻ 'ഇ.റീഡിംഗ്' ഒരു പരിധി വരെ സഹായകര മാകും. അവിടെയാണ് ഡിജിറ്റൽ മാഗസിൻ്റെ പ്രാധാന്യവും. മറ്റ് കൈയെഴുത്ത് മാസികകളിൽ നിന്ന് വ്യത്യസ്തമായി ആധു നികസാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിദ്യാർത്ഥികൾ തന്നെ തയ്യാറാക്കുന്നു എന്നതാണ് ഇതിൻ്റെ പ്രത്യേകത. ഇതിലെ സൃഷ്ടികൾ പൂർണമായും വിദ്യാർത്ഥികളുടേതാണ്. കഥകൾ, കവി തകൾ, അനുഭവങ്ങൾ, ലേഖനങ്ങൾ തുടങ്ങി അവരുടെ കുഞ്ഞു മനസുകളിൽ വിരിഞ്ഞ വലിയ സർഗവാസനകളുടെ അക്ഷയ ഖനിയായ 'Passwordന്' എന്റെ എല്ലാ ആശംസകളും നേരുന്നു. ക്ലബ് അംഗങ്ങളെ ഈ ഉദ്യമത്തിന് പ്രാപ്തരാക്കിയ ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ എബ്രഹാം അലക്സ്, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് ജാസിന ടീച്ചർ, കൂടാതെ ഇതിനു പിന്നിൽ പ്രവർ ത്തിച്ച എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.

## MESSAGE



**Shaji Edakkara**
PTA President

പൊതുവിദ്യാദ്യാസ സംരക്ഷണത്തിൻ്റെ ഭാഗമായി വിദ്യാർഥികളുടെ സമഗ്രവികസനത്തിനു വേണ്ടി നൂതന പ്രവർത്തനങ്ങൾ ഗവൺമെൻറ് വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്നു. അതിൽ എടുത്തു പറയാവുന്ന ഒരു പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ്. വിദ്യാലയത്തെ ഹൈടെക് ആക്കാൻ സാധ്യമാക്കുന്ന ഒരു മികച്ച പ്രവർത്തനം. ഈ അവസരത്തിൽ എടക്കര ഗവ. ഹയർസെക്കൻഡറി സ്കൂളിലെ കൊച്ചുമിടുക്കർ 'Password' എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്. ഇതിനു നേതൃത്വം നൽകിയ Little kites മിസ്ട്രസ്സായ ജാസിന ടീച്ചർക്കും Little kites മാസ്റ്ററായ എബ്രഹാം അലക്സ് സാറിനും കൊച്ചു മിടുക്കർക്കും പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

വായനയ്ക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനയോടുള്ള താൽപര്യം ഉണ്ടാക്കിയെടുക്കാൻ ഈ മാഗസിൻ സഹായകരമാണെന്ന കാര്യത്തിൽ സംശയമില്ല. കാലത്തിനനുസൃതമായി നമ്മുടെ വായനാ സംസ്കാരം മാറ്റിയെടുക്കാൻ സാധ്യമായ രീതിയിലുള്ള ഈ പ്രവർത്തനത്തെ എത്ര പ്രശംസിച്ചാലും മതിയാവില്ല. കണ്ടു പരിചയിച്ച വായന രീതികളിൽ നിന്ന് വിഭിന്നമായി വായനയുടെ ഒരു പുതുലോകം തീർക്കാൻ ഈ ഉദ്യമത്തിന് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

## MESSAGE



**Sandhya S**
Senior Assistant

എടക്കരയുടെ സ്പന്ദനം ഒപ്പിയെടുത്തു കൊണ്ട് പ്രൗഢിയോടെ നില കൊള്ളുന്ന എടക്കര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ കൊച്ചു മിടുക്കരാണ് “Password”എന്ന ഈ ഡിജിറ്റ ൽ മാഗസിന്റെ സൃഷ്ടിക്കു പിന്നിൽ പ്രവർത്തിച്ചിരിക്കുന്നത്. സ്കൂളിലെ Littlekites മിസ്ട്രെസ്സ് ആയ ജാസിന ടീച്ചറുടെയും Littlekites മാസ്റ്റർ എബ്രഹാം അലക്സ് സാറിന്റെയും ശിക്ഷണ ത്തിലൂടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തന്നെയാണ് കുട്ടിക ളുടെ രചനകൾ ഡിജിറ്റൽ മാഗസിൻ ആക്കിയിരിക്കുന്നത്. സാങ്കേതികവിദ്യയുടെ മഹാസാഗരത്തിൽ നിന്നും പെറുക്കിയെ ടുത്ത വിജ്ഞാനശകല വൈദഗ്ധ്യം ഈ മാഗസിനിലൂടെ പുറം ലോകം അറി യുകയാണ്. കൗമാര മനസ്സ് നെയ്തെടുത്ത സർഗ്ഗ ഭാവനകൾക്ക് കൂടുതൽ മിഴിവേകി ഡിസൈൻ ചെയ്ത് മികച്ച ഡിജിറ്റൽ മാഗസിൻ ആക്കി മാറ്റാനുള്ള ശ്രമം തികച്ചും അഭിന ന്ദനാർഹം തന്നെ. ഈ ഡിജിറ്റൽ യുഗത്തിൽ മികവിന്റെ കാര്യത്തിൽ തങ്ങളും മറ്റാരെക്കാളും ഒരുപടി മുന്നിലാണ് എന്ന് തെളിയിച്ചിരിക്കുകയാണ് നമ്മുടെ ഈ കൊച്ചു മിടുക്കർ. പുതിയ പുതിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നൂതന സാങ്കേതിക വിദ്യ യുടെ ഉത്തുംഗ ശൃംഗത്തിൽ എത്താൻ നിങ്ങൾക്കേവർക്കും ആക ട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതോടൊപ്പം സർഗ്ഗവാസനകൾ ചിറകുവിടർത്തി അറിവിന്റെ മഹാസാഗരത്തിൽ നീന്തിത്തുടിക്കാൻ ഇതിലെ എല്ലാ എഴുത്തു കാർക്കും ആകട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.



**O Sasidharan**
Staff Secretary

ഡിജിറ്റൽ ലോകം മറ്റെല്ലാ മേഖലകളിലെയും പോലെ സാഹിത്യ
രംഗത്തും അനന്ത സാധ്യതകളാണ് മുന്നോട്ടു വെയ്ക്കുന്നത്. സ്വയം
പ്രകാശനത്തിനും അതിവേഗ ആശയവിനിമയത്തിനും സർഗാ
ത്മക പരിപൂരണത്തിനും ഏറെ അയത്നലളിതമായ ഉപാധിയായി
മാറിയിരിക്കുകയാണ് ഡിജിറ്റൽ മേഖല. സാഹിതീകുതുകികളായ
കുട്ടികളുടെ സർഗചേതനകൾക്ക് ചിറകുവിരിക്കാൻ സൈബറിട
ങ്ങളിൽ അവസരമൊരുക്കുന്ന ഈ ഉദ്യമം ഏറെ ശ്ലാഘനീയ
മാണ്. കാരണം ഓരോ കുട്ടിയും ലിറ്റിൽ കൈറ്റാണ്. അറിവിന്റെ
വിഹായസിലേക്കുയർന്നു പറക്കാൻ കൊതിക്കുന്ന ചെറുപട്ടങ്ങൾ.
കാല്പനികഭാവ ചിറകുകൾ വിരിച്ച് പറക്കുന്ന ആ കാഴ്ച എത്ര
ചേതോഹരമാണ്. ശരിക്കും ഈ ഡിജിറ്റൽ മാഗസിൻ ഒരു പാസ്
വേഡാണ്. ആരുമറിയാതെ ഒളിപ്പിച്ചുവെച്ച കാല്പനിക സർഗാത്മ
കതയിലേക്കുള്ള കീ.

വിത്തിനുള്ളിലൊളിപ്പിച്ച വിശാലത വളർന്നു വികസിക്കുമ്പോഴേ
അനുഭവവേദ്യമാകുകയുള്ളൂ. വളർന്നു പന്തലിക്കാൻ വെള്ളവും
വെളിച്ചവും വളവും നൽകി പരിലാളിക്കുകയേ വേണ്ടൂ. ആ കേവല
ധന്യമായ കർത്തവ്യപൂരണമാണീ പാസ്‌വേഡ്. ഇതിനു നേതൃത്വം
നൽകിയ പ്രഗൽഭരായ ലിറ്റിൽ കൈറ്റ് മാസ്റ്ററേയും മിസ്ട്രസ്സി
നേയും ഉപരി ഓരോ ലിറ്റിൽ കൈറ്റ്സ് കുട്ടിയെയും പ്രത്യേകം
അഭിനന്ദിക്കുന്നു. ഇതിൽ ഉൾച്ചേർത്ത രചനകളിൽ ഭാവിയിലെ
സാഹിതീപൊൻവെളിച്ചം ഏറെയുണ്ട്. ഓരോ എഴുത്തും എടക്കര
ജി.എച്ച്.എസ്.എസിലെ കുട്ടികളുടെ സാഹിത്യനൈപുണിയെ അട
യാളപ്പെടുത്തുന്നു. എല്ലാവർക്കും ഹൃദ്യമായ ആശംസകൾ നേരു
ന്നു.

# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ,
എനിക്കൊരു പൊൻതൂവൽ കൈയിലുടക്കി
എന്നോ നെയ്തു കൂട്ടിയ സ്വപ്നം
ഇന്നുമൊരു പൊൻതൂവലായി
പ്രഭ ചൊരിയാതെ നില കൊള്ളുന്നു
സ്വപ്നമേ! നിന്നെയാരും കാണാതെ
ആ ഭാണ്ഡക്കെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടെ?
ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ.

(Shadin C.P, 9B)



# പരുന്തും കുഞ്ഞുങ്ങളും

ഒരു കാട്ടിൽ ഒരു പരുന്തും അതിന്റെ രണ്ടു കുഞ്ഞുങ്ങളും ജീവിച്ചിരുന്നു. അവർ രണ്ടു പേരും കുഞ്ഞുങ്ങളായത് കൊണ്ടും അവർക്ക് ചിറകുകൾ വരാത്തതു കൊണ്ടും അവർക്ക് കഴിക്കാനുള്ള ഭക്ഷണം അമ്മപ്പരുന്തായിരുന്നു കൊണ്ടു വരിക. അവൾ ഭക്ഷണം കൊണ്ടു വരികയും ആ ഭക്ഷണം തന്റെ കുഞ്ഞുങ്ങൾക്ക് കൊടുക്കുകയും അവർ അത് സന്തോ ഷത്തോടെ കഴിക്കുന്നത് കണ്ട് അവളുടെ വിശപ്പ് മാറുകയും അവൾ പട്ടിണി കിടക്കുകയുമായിരുന്നു പതിവ്. അങ്ങനെ ദിവസങ്ങൾ കടന്നു പോയി.

ഇപ്പോൾ അവർ പറക്കാനും സ്വന്തമായി ആഹാരം കൊണ്ടു വരാനുമുള്ള പ്രായം ആയി. പക്ഷേ അവർ രണ്ടുപേരും ആഹാരം തേടാതെ കാട് മുഴുവൻ ചുറ്റിക്കറങ്ങി. സന്ധ്യയാകുമ്പോൾ വീട്ടിൽ തിരിച്ചെത്തി ആഹാരമൊന്നും തന്നെ കിട്ടിയി ല്ലെന്നു കള്ളം പറയും. പാവം അമ്മ തന്റെ മക്കൾ വിശന്നു കഴിയേണ്ട എന്ന് കരുതി അവർക്കു വേണ്ടി ഭക്ഷണം തേടും. അങ്ങനെ ദിവസങ്ങൾക്കൊടുവിൽ അമ്മപ്പരുന്ത് പട്ടിണി മൂലം മരണപ്പെട്ടു. മക്കൾ വീട്ടിൽ തിരിച്ചെത്തിയപ്പോൾ അമ്മ മരിച്ചതറിഞ്ഞു.

അവർ കാരണമാണ് അമ്മ മരിച്ചതെന്ന് അടുത്ത് കഴിഞ്ഞിരുന്ന തത്തമ്മയും കാക്കയും മറ്റു പക്ഷിമൃഗാദികളെല്ലാം പറഞ്ഞപ്പോൾ അവർക്ക് അവരുടെ തെറ്റ് മനസ്സിലായി. അവർക്കു വേണ്ടി ഭക്ഷണം കൊണ്ടു വന്ന അമ്മ പട്ടിണി കിടന്ന കാര്യം അപ്പോഴാണ് അവർ തിരിച്ചറിഞ്ഞത്. കെടുത്താനാവാത്ത തീ പോലെ ആ കനൽ അവരുടെ മനസ്സിൽ ആളിക്ക ത്തിക്കൊണ്ടിരുന്നു.

(Sajishna M.C, 9B)



# പുഴയോർമ

ചത്ത വരാലിനെ പോലെ
ഒറ്റ വര പോൽ മുദ്രിതം
ചില കാലങ്ങളിലെ പുഴകൾ
അടഞ്ഞ കണ്ണുകളിൽ കാണാം
പച്ച ഞരമ്പൂറ്റി വെളുപ്പിച്ച ഒരു പാടം
ഒറ്റലിനെ മെയ്‌വഴക്കം കൊണ്ട് കബളിപ്പിച്ച
അതിന്റെ ചിറകുകളിൽ നിന്ന്
തുഴഞ്ഞു പോയ വിരുത്
കാറ്റെടുത്ത് തോളിലിട്ട്
കാഴ്ചയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു
കുളിർ കൊതിച്ചും
പൂഗന്ധം തേടിയും
അകത്തേക്ക് ചെല്ലേണ്ട
തളർന്നിരിക്കുന്നു ചിറകുകൾ
ആർത്തവം നിലച്ച വേരുകളിൽ
തല മുണ്ഡനം ചെയ്യപ്പെട്ട ഒരു പറവ
തന്റെ പാട്ടുകൾ ഇറക്കി വയ്ക്കുന്നു
ഒരിക്കൽ പുഴയും കാടും
മത്സരിച്ച് ആലിംഗനം ചെയ്യുന്നതും
പുഴയുടെ ചുണ്ടുകളിൽ കാടിന്റെ നാവുകൾ
ഉറവകളായി മധുരിക്കുന്നതും കണ്ടിരുന്നു
എനിക്ക് മാത്രം കേൾക്കാൻ പാകത്തിൽ
ഒരു പക്ഷിയപ്പോൾ
അതിന്റെ തൂവലുകൾ കൊഴിച്ചിരുന്നു.

(Fathima Shibila, 8G)



# കനൽക്കാറ്റ്

അഫ്രിൻ ഉണർന്നു കിടക്കാൻ തുടങ്ങിയിട്ട് സമയമേറെയായി. അടുത്ത് തന്റെ കുഞ്ഞനുജത്തി നേഹ ഒന്നുമറിയാതെ സുഖമായുറങ്ങുന്നു.

ഒരു മാസത്തോളമായി തന്നെ സംബന്ധിച്ച് ഉറക്കം എന്നത് ഒരു മയക്കം മാത്രമാണ്. എപ്പോഴും ഞെട്ടി ഉണരും. എത്രദിവസമായെന്നോ ശാന്തമായൊന ്നുറങ്ങിയിട്ട്...?

വെടിയൊച്ചകൾ ഇപ്പോഴും കാതുകളിൽ തന്നെയുണ്ട്. കണ്ണിൽ കത്തിയമരുന്ന കാഴ്ചകൾ മാത്രം. എത്ര സുന്ദരിയായിരുന്നു തന്റെ നാട്! ഒരു കൊച്ചു സ്വർഗമായിരുന്നു തന്റെ വീട്...

പിന്നീടെന്താണ് തന്റെ നാടിന് സംഭവിച്ചത്? എന്തിനായിരുന്നു യുദ്ധം ? ഒന്നുമറിയില്ല. ചില ദിവസങ്ങളിൽ അലാറം മുഴങ്ങുന്നത് കേൾക്കാം. അത് പുറത്തിറങ്ങരുതെന്ന മുന്നറിയിപ്പായിരുന്നു. എന്നാൽ പിന്നീട് അത്തരം അറിയിപ്പുകളൊന്നുമില്ലാതായി. സദാസമയവും യുദ്ധം. എത്ര ഭീകരങ്ങളായ ദിവസങ്ങളായി



രുന്നു... എങ്ങും നിലവിളികൾ... വീടുകൾ, സ്കൂളുകൾ, ആശുപത്രികൾ എല്ലാം തകർന്നടിയുന്നു. മക്കളെ കെട്ടിപ്പിടിച്ച് വീട്ടിൽ തന്നെയിരിക്കുന്ന ഉമ്മയും വല്യുമ്മയും... ഉപ്പമാത്രം പുറത്തുണ്ട്.

ഒരു മാധ്യമ പ്രവർത്തകന് എങ്ങനെ വീട്ടിലിരിക്കാൻ കഴിയും? ഒരു ദിവസം രാവിലെ ബഷീർക്കയുടെ ഫോൺ കോൾ. അവർക്കെതിരെ വാർത്ത കൊടുത്തതിന് അവർ ഞങ്ങളുടെ ഉപ്പയെ... അഫ്രിൻ അറിയാതെ വിതുമ്പിപ്പോയി... ഞങ്ങളുടെ വീട് നിൽക്കുന്ന സ്ഥലത്തും അവർ ആക്രമണം തുടങ്ങിയപ്പോൾ സുരക്ഷിത സ്ഥാനം തേടി യാത്രയായതായിരുന്നു ഞങ്ങൾ. പക്ഷെ... അവർ ഞങ്ങളുടെ കാർ വഴിയിൽ തടഞ്ഞു നിർത്തി. ഉമ്മയെയും വല്യുമ്മയെയും ഞങ്ങളുടെ മുന്നിൽ വെച്ച്... എത്ര നീചമായി... വയ്യ... അതോർക്കാനേ വയ്യ... ഞങ്ങൾ കുട്ടികളെ അവർ ഒന്നും ചെയ്തില്ല. വഴിയിൽ കിടന്ന് അലറിക്കരഞ്ഞ ഞങ്ങളെ ആരൊക്കെയോ ചേർന്ന് ഈ അഭയ കേന്ദ്രത്തിലാക്കി. തങ്ങളെപ്പോലെ ഉറ്റവർ നഷ്ടപ്പെട്ട എത്രയോ കുട്ടികളുണ്ടിവിടെ. ഭാവിയെ കുറിച്ചോർക്കുമ്പോൾ കൂരിരുട്ട് മാത്രം. പ്രകാശത്തിന്റെ ഒരു കണികയെങ്കിലും ഉദിച്ചുയരുമോ...? അറിയാതെ അഫ്രിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. സുഖമായുറങ്ങുന്ന നേഹയെ അവൾ പതുക്കെയൊന്ന് തലോടി...

Amogha M.P, 8F



# മരണവീട്

ജീവിത കാലത്ത്
നിറഞ്ഞു നിന്ന സ്നേഹം
ഒരു നേർത്ത വിതുമ്പലായ്
മയ്യത്ത് കിടക്കുന്ന മുറിയിൽ
നിറഞ്ഞു നിൽക്കും.
വിഫലമെന്നറിഞ്ഞിട്ടും
മയ്യത്തിന്റെ തലഭാഗത്തെ
കഫൻതുണി പൊക്കി
അരുതാത്തതെന്തോ കണ്ടെന്ന
പോലെ
വരി നിന്നവരെല്ലാം
തല താഴ്ത്തിപ്പിടിച്ച്
നടന്നു പോകും.
വിളക്കിച്ചേർക്കാനാകാത്തവിധം
കുടുംബബന്ധത്തിന്റെ
കൂടിപിണഞ്ഞ ചരടിൽ നിന്ന്
മുറിഞ്ഞു പോയ ഒരു കണ്ണിയെ
ബന്ധുക്കൾ ഓർമ കൊണ്ട്
ചേർക്കാൻ ശ്രമിക്കും.

**(Fathima Sumana P, 9G)**





# EVERY GIRL DESERVES EDUCATION

On October 9, 2012 a girl who was shot by a gunman, but she came back to life proving that no bullet can put out the blazing fire in her. Do you know who is the girl? She is none other than MALALA YOUSAF ZAI, the angel of struggle.Born on 12th July 1997, she is a Pakistani activist for female education and the youngest ever Nobel Prize laureate.

This young girl is mainly known for human right advocacy for education for women in her native Swat valley in Pakistan where the local Taliban had at times banned girls from attending schools. Malala is the one who raised her voice for education. She adopted the name Gulmakhai (corn flower) for blogging to convey her protest. She is a hero. She is helping Swat and the world, teaching girls how to stand up for themselves. She is bravely showing the world how important education is and she is peacefully standing up to the Taliban. She is showing the world that women are equal, if not better than men and that everyone deserves education. She is no doubt an amazing role model for girls.

**Faiha. A.P, 9G**



# Dream

Common for everyone
Familiar to everyone
Dream is not meant to have a good
deep sleep,
It means to have an aim
Which we could focus on
The dream is to build your aim,
Like the path to your success
Choosing an aim is easy
But making it successful is difficult
Make your aim perfect
Make you shine as the sun
But if your aim is imperfect,
It makes you dull as night.
If your aim is not fixed and
changes day by day,
As the trees in summer.
Its dry leaves falling day by day.
Which makes people clear it everyday
Make our aim fixed,
Work hard on it and
One day it makes us famous.
It is a “REVERIE!!

**Ayha Ziba, 9G**



# ക്കുനൻ കുത്തിയാൽ ഗോപുരം വീഴുമോ?

ഈ പഴഞ്ചൊല്ല് കേട്ടിട്ടില്ലേ? ക്കുനൻ കുത്തിയാൽ ഗോപുരം വീഴുമോ? വീഴുമെന്നാണ് എന്റെ കണ്ടെത്തൽ. അതിലേക്ക് എന്നെ നയിച്ച ഒരു അനുഭവമാണ് ഞാനിവിടെ കുറിക്കുന്നത്. ഈ വർഷം ഈ വിദ്യാലയത്തിലേക്ക് വന്നപ്പോൾ മനസ്സിൽ സ്ഥാനം പിടിച്ച പച്ചപ്പാണ് സ്കൂളിൽ തലയെടുപ്പോടെ നിന്നിരുന്ന ആ മരം. താഴെ വീണ് കിടക്കുന്ന ആ കായകളും എനിക്ക് അപരിചിതങ്ങളായിരുന്നു. അത് ബദാം മരമാണെന്നും ചുവട്ടിലുള്ള ആ കായ്കളിലാണ് ബദാം പരിപ്പുള്ളതെന്നും അമ്മ പറഞ്ഞ് കേട്ടപ്പോൾ ആശ്ചര്യം തോന്നി. ബദാം കായ്കൾ കല്ലു കൊണ്ട് കുത്തിപ്പൊട്ടിച്ച് തിന്നിരുന്ന കുട്ടിക്കാലത്തെക്കുറിച്ച് അമ്മ പറഞ്ഞപ്പോൾ അങ്ങനെ കഴിക്കണമെന്ന് എനിക്കും തോന്നിയതാണ്. പക്ഷെ അതെല്ലാം വവ്വാൽ കടിച്ചീമ്പിയതാകും അതിൽ തൊടരുതെന്ന മുന്നറിയിപ്പിനു മുന്നിൽ ഞാൻ പകച്ചുപോയി. എങ്കിലും വവ്വാൽ തൊടാത്ത ഒരു കായ എന്നെങ്കിലും






കൈയിൽ കിട്ടുമെന്ന പ്രതീക്ഷയോടെ എന്നും ഞാനതിനു ചുവട്ടിൽ തിരയുമായിരുന്നു. P.Tയ്ക്ക് വിട്ടാൽ ഞങ്ങൾക്കാകെ പോകാനുണ്ടായിരുന്നത് ആ മരത്തണലിലേക്കായിരുന്നു. പൊരിവെയിലത്ത് അസംബ്ലിക്ക് നിന്ന് കണ്ണിൽ ഇരുട്ട് കയറുമ്പോൾ ഞാൻ കൊതിയോടെ നോക്കാറുണ്ടായിരുന്ന ആ മരത്തണൽ... പെട്ടെന്നൊരു ദിവസം ബദാം മരത്തിന് ചുവട്ടിലേക്ക് ആരും പോകരുതെന്ന അറിയിപ്പ് കേട്ടപ്പോൾ ആദ്യം കാര്യം മനസ്സിലായില്ലെങ്കിലും അതിലെ ചൊറിയൻപുഴു കാരണമാണെന്ന് പിന്നീട് അനുഭവത്തിലൂടെ തന്നെ മനസ്സിലായി. പിന്നീട് രണ്ട് ദിവസം നല്ല രസമായിരുന്നു സ്കൂളിൽ. ചൊറിഞ്ഞ് തടിച്ച് പരക്കം പായുന്ന കൂട്ടുകാർ, കലാമിൻ ലോഷനു വേണ്ടിയുള്ള തിക്കും തിരക്കും, ഡോക്ടർ, പരിശോധന, മരുന്ന് ഹോ... ഓർക്കാനേ വയ്യ! പിറ്റേന്ന് സ്കൂളിൽ വന്നപ്പോൾ ഹൃദയം നുറുങ്ങുന്ന കാഴ്ച. എന്റെ ബദാം മരം ചില്ലകളില്ലാതെ... ഒരിലപോലുമില്ലാതെ... നഗ്നയായി... “ചില്ലയല്ലേ പോയുള്ളൂ... അതി നിയും തളിർക്കു”മെന്ന് എല്ലാവരും ആശ്വസിപ്പിച്ചു. എങ്കിലും... കേവലം ചൊറിയൻ പുഴു വിന് വലിയൊരു ബദാം മരത്തെ തളർത്താനായെങ്കിൽ ഇത്തിരിപ്പോന്ന കുനുനുറുമ്പിന് ഗോപുരത്തെ വീഴ്ത്താൻ കഴിഞ്ഞേക്കും, അല്ലേ കൂട്ടുകാരേ..? നമ്മുടെ ബദാം മരം വീണ്ടും തളിർക്കുമെന്ന പ്രതീക്ഷയോടെ... പ്രാർത്ഥനയോടെ...


**Ameya M.P, 8F**

# ART GALLERY









**Hiba Sherin N.V, 8E**



**Khatiba Ansari, 9G**

# എന്റെ കാലം

ഇരുട്ടിൽ ജനിച്ച്
ഇരുട്ടിൽ വളർന്നൊരു
ബാല്യമുണ്ടായിരുന്നെന്റെ കാലം
കാൽ പിച്ചവെക്കുന്ന നേരത്തെന്നമ്മയും
യാത്രയായി പോയൊരു ബാല്യകാലം
അച്ഛന്റെ ലോകമായി ഞാൻ വളർന്നങ്ങനെ
നെയ്തെടുത്തെന്റെ കൗമാരകാലം
കൗമാരമായപ്പോൾ അച്ഛൻ യാത്രയായി പോയ കാലം...
ജീവിതമെന്തെന്ന് അറിഞ്ഞു ഞാൻ ഒറ്റയ്ക്ക്
തള്ളിനീക്കിയെൻ ജീവിതകാലം


Munshida Sherin, 9G



# അത്യാഗ്രഹിയായ കച്ചവടക്കാരൻ

രാമപുരം എന്ന ഒരു ഗ്രാമത്തിൽ കൃഷ്ണനും അവന്റെ കുടുംബവും താമസിച്ചിരുന്നു. കൃഷ്ണൻ ഒരു നല്ലവനായ കൃഷിക്കാരനായിരുന്നു. അവന്റെ അയൽവാസി ആയിരുന്ന കുമാർ ഒരു അഹങ്കാരിയായിരുന്നു. കൃഷ്ണന് രണ്ട് കുട്ടികൾ ഉണ്ടായിരുന്നു കുട്ടനും കണ്ണനും. കൃഷ്ണൻ എന്നും രാവിലെ തന്റെ കൃഷിയിടത്തിലേക്ക് പോകുമായിരുന്നു. ഒപ്പം തന്റെ കുട്ടികളും ഉണ്ടായിരുന്നു. കുമാർ ഒരു വലിയ പണക്കാരൻ ആയിരുന്നു. കൃഷ്ണൻ പാവപ്പെട്ടവനുമായിരുന്നു. ഒരു ദിവസം കൃഷ്ണൻ തന്റെ കൃഷിയിടത്തിൽ പണി ചെയ്യുന്ന നേരത്ത് മണ്ണിനടിയിൽ നിന്ന് ഒരു പാത്രം ലഭിക്കുന്നു. അതൊരു പഴയ പാത്രമായിരുന്നു. അവനത് തന്റെ വീട്ടിലേക്ക് കൊണ്ടുപോയി. എന്നിട്ട് ഭാര്യക്കും മക്കൾക്കും കാണിച്ചു കൊടുത്തു. പക്ഷേ അവന് അറിയില്ലായിരുന്നു അതൊരു മാന്ത്രിക പാത്രമാണെന്ന്. അവന്റെ ഭാര്യ രമ ആ പാത്രം എടുത്തുകൊണ്ടുപോയി കഴുകി. അതിനടിയിൽ എഴുതിയിട്ടുണ്ട് ഇതിലെന്ത് ഇട്ടാലും അത് ഇരട്ടിയാകും എന്ന്. പക്ഷേ അതിലേക്ക് സ്വർണം കൊണ്ടു ണ്ടാക്കിയ ഒരു സാധനവും ഇടാൻ പാടില്ല എന്ന്. കൃഷ്ണൻ മാന്ത്രിക പാത്രം കൊണ്ട് വലിയ പണക്കാരനായി. എന്നാലും അവന് അതിന്റെ അഹങ്കാരം ഒന്നും ഇല്ലായിരുന്നു. പക്ഷേ കൃഷ്ണന്റെ അയൽവാസിയായ കുമാറിന് ഇത് സഹിക്കാനായില്ല. അന്ന് രാത്രി കൃഷ്ണന്റെ വീട്ടിൽ ചെന്നിട്ട് കുമാർ മനസ്സിലാക്കി മാന്ത്രിക പാത്രത്തിന്റെ സഹായത്താൽ ആണ് കൃഷ്ണൻ വലിയ പണക്കാരൻ ആയത് എന്ന്. പിറ്റേദിവസം രാത്രി കുമാർ ആ പാത്രം മോഷ്ടിച്ചു. എന്നിട്ട് വീട്ടിൽ കൊണ്ടുവന്നു.. അവൻ അതിലെ നിർദ്ദേശം വായിക്കാതെ അതിലേക്ക് വീട്ടിലെ സ്വർണം ഇട്ടു. പെട്ടെന്ന് തന്നെ ആ പാത്രവും സ്വർണവും അപ്രത്യക്ഷമായി തീർന്നു. കച്ചവടക്കാരൻ സ്വർണ്ണം പോയതിൽ ദുഃഖിച്ചിരുന്നു. അവന് പിന്നെ മനസ്സിലായി താൻ ചെയ്യുന്നത് വളരെ ദുഷ്പ്രവർത്തിയാണ് എന്ന്. പിന്നെ കുമാർ വളരെ നല്ലവനായി ജീവിച്ചു.

Rifa Mehrin T, 9B




# SUN RISE

I saw the sunlight on the hills
The bright returning March
The darkened woods glitter
The sound of the morning birds.
Deep shadow of the woods
Make nature so beautiful
The echo of the river spreads everywhere.
Happiness and enjoyment in valleys
The Villagers’ merry shout
Echoing in the deep woods
Go to nature, if you get tired
Look at the beautiful gift of God.

**Danish Rahman, 9D**





# THE FOUR SMART STUDENTS...

One night four college students were out for partying late night and didn't study anything for the test which was scheduled for the next day. In the morning they thought of a plan. They made themselves look dirty with grease and dirt. Then they went to the Dean and said they had gone out to a wedding last night and on their way back the tyre of their car burst and they had to push the car all the way back. So they were in no condition to attend the test.

The Dean thought for a minute and said they can have the test after 3 days. They thanked him and said they would be ready by that time.

On the third day, they appeared before the Dean. The Dean said that as this was a special condition test, all four were required to sit in separate class rooms for the test. They all agreed as they had prepared well in the last 3 days.


**Hiba Fathima T, 9D**

# വാക്കുകൾ

ചില വാക്കുകൾ അറ്റം
വലിച്ചു നീട്ടിയ
നാവുകളുടെ തുമ്പിൽ നിന്നും
അമ്പുകൾ എറിയുന്ന പോലെ
പുറത്തേക്കു വരും
ചിലപ്പോൾ അത് മുള്ളുകൾ തട്ടുന്ന
തൊണ്ടയിൽ തന്നെ കുടുങ്ങും
പിന്നെ പിടയലാണ്...
മനസ്സിലെ അഴുക്കു മുഴുവൻ പുറത്തുവരുമ്പോൾ
വാക്കുകൾ നിലത്തുവീണു ചിരിക്കും
ഒപ്പം നാവിന്റെ തുമ്പിൽ നിന്നും വന്ന അമ്പും

**Nida Fathima 9G**






**Muhammed Adhil N.M, 9G**

STORY

# പാവപ്പെട്ട ഒരു കുട്ടി

ഒരു ഗ്രാമത്തിൽ കണ്ണൻ എന്ന് പേരുള്ള ഒരു അനാഥ കുട്ടി ഉണ്ടായിരുന്നു. അവൻ വളരെ പാവമാണ്. അവന് വീടോ കൂട്ടുകാരോ കുടുംബമോ ഇല്ല. അവൻ ഒരു തെരുവിൽ ആയിരുന്നു കഴിഞ്ഞിരുന്നത്. ചില ദിവസങ്ങളിൽ ഭക്ഷണം പോലും കിട്ടില്ലായിരുന്നു. ഒരു ദിവസം തെരുവിലൂടെ ഒരു വൃദ്ധ നടന്നു പോവുകയായിരുന്നു. അപ്പോൾ ക്ഷീണിച്ച് നിൽക്കുന്ന അവനെ ഒരു വൃദ്ധ കണ്ടു. അവർ അവനോട് ചോദിച്ചു. നീ എന്താണ് വിഷമിച്ചിരിക്കുന്നത്? അപ്പോൾ അവൻ പറഞ്ഞു "ഞാൻ ഒരുപാട് ദിവസമായി ഭക്ഷണം കഴിച്ചിട്ട്... എനിക്ക് വിശക്കുന്നുണ്ട്." ആ വൃദ്ധ തന്റെ കയ്യിലുള്ള ഒരു കഷണം ബ്രഡ് അവന് കൊടുത്തു. അതുവഴി പോകുന്ന ഒരു നായയെ അവൻ കണ്ടു. ആ നായ കുരയ്ക്കുന്നത് വിശന്നിട്ടാണ് എന്ന് അവന് മനസ്സിലായി. അവൻ കിട്ടിയ ബ്രഡ്ഡിൽ നിന്ന് ഒരു കഷണം മാത്രം എടുത്ത് ബാക്കി ആ നായക്ക് കൊടുത്തു. ഇത് കണ്ട വൃദ്ധയ്ക്ക് അവനോട് സഹതാപം തോന്നി. അവൻ എപ്പോഴും ആരുടെയെങ്കിലും കയ്യിൽ നിന്നും ഭക്ഷണം കിട്ടിയാൽ ആ ഭക്ഷണത്തിൽ നിന്ന് പകുതി വിശന്നിരിക്കുന്ന വേറെ ആളുകൾക്ക് കൊടുക്കുമായിരുന്നു. ഇതെല്ലാം വൃദ്ധ കാണുമായിരുന്നു. ഈ വൃദ്ധ പണക്കാരി ആണെങ്കിലും മക്കളില്ലായിരുന്നു. ആ സ്ത്രീ ആ കുട്ടിയെ തന്റെ വീട്ടിലേക്ക് കൊണ്ടു പോയി. എന്നിട്ട് അവന് നല്ല വസ്ത്രവും നല്ല ഭക്ഷണവും നൽകി. തന്റെ സ്വന്തം മകനെ പോലെ അവനെ പരിപാലിക്കുകയും ചെയ്തു. പിന്നീട് അവർ സന്തോഷത്തോടെ ജീവിക്കുകയും ചെയ്തു. അവനും തന്റെ അമ്മയെ പോലെ അവരെ സ്നേഹിക്കുകയുണ്ടായി.

Shifa Sherin C.K, 9B





# തത്തയും കാക്കയും

ഒരിടത്ത് നല്ല മനോഹരമായ കാട് ഉണ്ടായിരുന്നു. ആ കാട്ടിൽ തത്തമ്മയും കാക്കയും താമസിച്ചിരുന്നു. തത്തമ്മക്ക് മൂന്ന് കുട്ടികളുണ്ട്. ആ കാട്ടിൽ ഒരു പഴക്കട നടത്തുന്ന മുയൽ കുട്ടൻ ഉണ്ടായിരുന്നു. കാക്ക തത്തമ്മയുടെ വീട്ടിലെ വേലക്കാരി ആയിരുന്നു. കാക്ക വളരെ ക്രൂരയായിരുന്നു. തത്തമ്മയുടെ കുട്ടികൾക്ക് പഴങ്ങൾ വളരെ ഇഷ്ടമായിരുന്നു. അതു കൊണ്ടു തന്നെ മുയലിന്റെ കയ്യിൽ നിന്നായിരുന്നു തത്തമ്മ പഴങ്ങൾ വാങ്ങാറുള്ളത്. മുയലിന്റെ കൈയിൽനിന്ന് പഴങ്ങൾ വാങ്ങുന്നതിന് പകരമായി വെള്ളാരം കല്ല് കൊടുക്കണമായിരുന്നു.

അന്നുതന്നെ തൻ്റെ കുഞ്ഞുങ്ങളെ കാക്കയെ ഏൽപ്പിച്ചു തത്തമ്മ വെള്ളാരം കല്ല് പെറുക്കാൻ പോയി. കാക്ക തത്തമ്മയുടെ കുഞ്ഞുങ്ങളെ വല്ലാതെ ഉപദ്രവിക്കുമായിരുന്നു. ഒരു ദിവസം  കുഞ്ഞുങ്ങൾ ശബ്ദമുണ്ടാക്കി കളിച്ചുകൊണ്ടിരിക്കാൻ ആ ശബ്ദം കേട്ട് ദേഷ്യം വന്ന കാക്ക ഒരു വടിയെടുത്ത് ആ കുഞ്ഞുങ്ങളെ വല്ലാതെ അടിച്ചു. ഇതൊന്നും അമ്മയോട് പറയരുതെന്ന് പറഞ്ഞു കാക്ക കുഞ്ഞുങ്ങളെ ഭീഷണിപ്പെടുത്തുമായിരുന്നു. ഒരു ദിവസം തൻ്റെ കുഞ്ഞുങ്ങളുടെ ദേഹത്ത് പാടുകൾ കണ്ട് തത്തമ്മ കുഞ്ഞുങ്ങളോട് ഇത് എന്തെന്ന് ചോദിച്ചു. അപ്പോൾ കുഞ്ഞുങ്ങൾ നടന്ന എല്ലാ കാര്യങ്ങളും പറഞ്ഞു. കാക്കയെ ഈ നാട്ടിൽ നിന്ന് ഓടിക്കണം എന്ന് വിചാരിച്ച് തത്തമ്മ ഒരു പ്ലാൻ ഉണ്ടാക്കി. പഴങ്ങൾ വിൽക്കുന്ന മുയൽ കുട്ടൻ വെള്ളം കുടിക്കാൻ തന്നെ വീടിൻ്റെ അകത്തേക്ക് പോയ തക്കം നോക്കി തത്തമ്മ അവിടെയുള്ള എല്ലാ പഴങ്ങളും എടുത്ത് കാക്കയുടെ കൂട്ടിൽ കൊണ്ടു പോയിട്ടു. മുയൽ കുട്ടൻ തിരിച്ചുവന്നു സങ്കടപ്പെട്ടു. എന്നിട്ട് എല്ലായിടത്തും തിരഞ്ഞു. ഒടുവിൽ പഴങ്ങളെല്ലാം കാക്കയുടെ കൂട്ടിൽ കിടക്കുന്നത് കണ്ടു അപ്പോൾ മുയൽ വിചാരിച്ചു തൻ്റെ പഴങ്ങളെല്ലാം മോഷ്ടിച്ചത് കാക്കയാണെന്ന്. മുയൽ കാട്ടുരാജാവായ സിംഹത്തോടും ബാക്കിയുള്ള തൻ്റെ കൂട്ടുകാരോടും ഈ കാര്യങ്ങൾ എല്ലാം പറഞ്ഞു. ആ കാക്കയെ ആ നാട്ടിൽ നിന്ന് എല്ലാവരും ഓടിച്ചുവിട്ടു. ഇത് കണ്ട് തത്തമ്മയും കുട്ടികളും പൊട്ടിച്ചിരിച്ചു. പിന്നീട് ആ കാക്കയെ ഒരിക്കലും ആ കാട്ടിലെങ്ങും കണ്ടിട്ടില്ല.

Rifa Mehrin T, 9B

# അവസാന ശ്വാസം

ജീവിച്ചു കൊണ്ടു ഞാൻ
എഴുതുകയാണ്
ജീവിക്കാൻ
കഴിയാത്തവരുടെ
വാക്കുകൾ
വരച്ചിടുകയാണ്
ഞാനെന്ന രണ്ടക്ഷരത്തെ
പേനയിലെ മഷി തീരും വരെ
വിളക്കിലെ വെളിച്ചം
അണയും വരെ
എന്റെ ശ്വാസം നിലയ്ക്കും വരെ
ഞാൻ എഴുതും
ഞാൻ പോരാടും

Dilna Razak, 8F





# 12 രാജകുമാരിമാർ

രാജപുരം എന്ന കൊട്ടാരത്തിലെ വിക്രമാദിത്യൻ എന്ന രാജാവിന് 12 രാജകുമാരിമാർ ഉണ്ടായിരുന്നു. എന്നും രാത്രി ഈ 12 രാജകുമാരിമാരും നൃത്തം ചെയ്യാൻ പോകുമായിരുന്നു. പക്ഷേ അത് ആ കൊട്ടാരത്തിലെ ആർക്കും അറിയില്ലായിരുന്നു.അങ്ങനെ രാജാവ് ഉത്തരവ് പറഞ്ഞു ഈ രാജകുമാരിമാർ എവിടെയാണ് നൃത്തം ചെയ്യാൻ പോകുന്നത് എന്ന് ആരാണ് കണ്ടെത്തുന്നത് അവർക്ക് രാജാവ് തന്റെ മൂത്ത മകളെ വിവാഹം ചെയ്തു കൊടുക്കാം എന്ന് പറഞ്ഞു. അങ്ങനെ പലരും വന്നു. ആർക്കും കണ്ടെത്താനായില്ല എവിടെയാണ് അവർ പോകുന്നതെന്ന്. ഒരു ദിവസം പീറ്റർ എന്നു പറയുന്ന ആൾ വന്ന് രാജാവിനോട് പറഞ്ഞു ഞാൻ കണ്ടെത്താം എന്ന്. രാജാവ് അവന് മൂന്നു ദിവസം സമയം കൊടുത്തു. ആദ്യത്തെ ദിവസം മൂത്ത രാജകുമാരി അവന് ഒരു പാനീയം കൊടുത്തു. അവൻ അത് കുടിച്ചില്ല. എന്നിട്ട് അവൻ ഉറങ്ങുന്നത് പോലെ കിടന്നു. അവർ നൃത്തത്തിന് പോകാൻ തയ്യാറായി. അവന്റെ കയ്യിൽ ഒരു മാന്ത്രിക കുപ്പായം ഉണ്ടായിരുന്നു. അതിട്ടാൽ അവനെ ആരും കാണില്ല. അവർ യാത്ര തുടങ്ങി. ആദ്യം അവർ വജ്രത്തിന്റെ മരങ്ങളുടെ വഴിയിലൂടെ പോയി. അവിടെ നിന്ന് പീറ്റർ ഒരു തുവൽ എടുത്തു. പിന്നെ സ്വർണ്ണത്തിന്റെ വഴിയിലൂടെ പോയി. അവിടെ നിന്നും ഒരു തുവലെടുത്തു. എന്നിട്ട് അവർക്ക് ഒപ്പം പോകാൻ 12 രാജകുമാരന്മാർ തോണിയിൽ വന്നു. എല്ലാവരും അതിൽ കയറി. ചെറിയ രാജകുമാരിയുടെ തോണിയിൽ പീറ്ററും കയറി. എന്നിട്ട് അവർ വേറൊരു കൊട്ടാരത്തിൽ പോയി നൃത്തം ചെയ്തു തിരിച്ചു വന്നു. ഇത് മൂന്നു ദിവസവും ആവർത്തിച്ചു. നാലാം ദിവസം പീറ്റർ രാജാവിനോട് നടന്നതെല്ലാം പറഞ്ഞു. പീറ്ററിന് രാജാവിന്റെ മൂത്ത മകളെ വിവാഹം ചെയ്തു കൊടുത്തു.

**Sajishna M.C, 9B**

STORY

# പണക്കാരൻ്റെ വിശപ്പ്

ഒരു കൊച്ചു ഗ്രാമം... ഗ്രാമം എന്ന് പറഞ്ഞാൽ പട്ടണത്തിൽ നിന്നും ഒരുപാട് അകലെ യാണ്. ചുറ്റും മാമലകളും കൊച്ചു കൊച്ചു വയൽ ശേഖരങ്ങളും നിറഞ്ഞ ഒരു ഗ്രാമം. എങ്ങും പച്ചപ്പ്... കിളികളുടെ ശബ്ദങ്ങൾ നിറഞ്ഞ ഒരു ഗ്രാമം അങ്ങിങ്ങായി പ്രവാസ ജീവിതത്തിലേക്ക് പറിച്ചു നടപ്പെട്ട ഒരുകൂട്ടം ജനങ്ങളുടെ ഇടയിലാണ് അപ്പു ജീവിക്കുന്നത്.

തൻ്റെ വിയർപ്പ് ചോരയാക്കി പണിത കൊച്ചു കൊച്ചു മാളികകൾ അങ്ങിങ്ങായി പൊങ്ങിക്കൊണ്ടിരിക്കുന്നു. അങ്ങനെയിരിക്കെ അപ്പുവിന്റെ അച്ഛനും ജോലി തേടി പ്രവാസ ജീവിതത്തിലേക്ക് പറിച്ചു നടപ്പെട്ടു. അച്ഛനും അമ്മയും മൂന്ന് സഹോദരങ്ങളും അട ങ്ങുന്ന ഒരു കുടുംബമാണ് അപ്പുവിന്റേത് വീട്ടിലെ ദാരിദ്ര്യം കൂടി വന്നപ്പോഴാണ് അച്ഛനും ഇങ്ങനെ ഒരു ചിന്ത മനസ്സിലേക്ക് കൂടിയത്. അങ്ങനെ കുറച്ചുകാലം കഴിഞ്ഞ പ്പോൾ അവൻ്റെ കൊച്ചു കൂര പൊളിച്ച് ചെറി യൊരു മാളിക പണിതു. നാളുകൾ കടന്നു പോയി. അങ്ങനെയിരിക്കെ പെട്ടെന്ന് ഒരു വർഷകാലത്ത് മഹാപ്രളയവും പേമാരിയും ഒക്കെയായി കൃഷികളെല്ലാം വെള്ളത്തിനടിയിലായി. ഒരുപാട് വീടുകൾക്ക് നാശനഷ്ടം ഉണ്ടായി. പട്ടിണിയും പരിവട്ടവുമായി അവൻ്റെ കൊച്ചു കുടുംബം വീട്ടിൽ തന്നെ കഴിഞ്ഞുകൂടി. പല വീടുകളിലേക്കും പട്ടണത്തിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും സഹായസഹ കരണങ്ങളുമായി ആളുകൾ എത്തി. എന്നാൽ അപ്പുവിന്റെ വീട്ടിൽ മാത്രം ആരും എത്തിയില്ല. അവനും സഹോദരങ്ങളും പട്ടിണിയിലായി. കുറെ കുടിലുകൾക്കി ടയിൽ ആയിരുന്നു അപ്പുവിന്റെ വീട്. കുടിലുകളിൽ എല്ലാം ഭക്ഷണ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നുണ്ട്. എന്നാൽ അപ്പുവിന്റെ വീട്ടിലേക്ക് മാത്രം ആരും തിരിഞ്ഞു നോക്കിയില്ല. അപ്പുവിന്റെയും അവന്റെ കുടുംബത്തിന്റെയും പ്രാർത്ഥനയുടെയും കഠിന പരിശ്രമത്തിന്റെയും ഫലമായി ഒടുവിൽ അവർ ആ മഹാപ്രളയത്തെ തരണം ചെയ്തു. അപ്പോ ഴും ആർക്കും ഒരു കുറ്റബോധവും ഉണ്ടായിരു ന്നില്ല.



വീടിന്റെ വലുപ്പം കണ്ട് അവിടെയുള്ളവരെ ഒരാ ളും വിലയിരുത്തരുത്. അതിനുള്ളിൽ ചിലപ്പോൾ ആളുക ളുടെ എണ്ണം കൂടുതലായിരിക്കും. വിശപ്പ്... അത് പണക്കാരനും പാവപ്പെട്ടവനും ഒരുപോ ലെയാണ്. ഇതിൽ നമുക്ക് ഒരു കാര്യം പഠി ക്കാം. നാം ഒരിക്കലും ഒന്നും നോക്കാ തെ മനുഷ്യമനസ്സുകളെ തിരിച്ചറിയാ ൻ ശ്രമിക്കണം.

Minha E, 8E

# Mother,
# The Blessing of God

God bless us with many things
All are great
Mother is the greatest of them.
She is a singer,
No matter what's her voice,
She has the best lullaby
Don't make her sad.
Mother is like an angel,
She gives us what we need
Who is mother ?
The great blessing of God,
We are young or old
She is our mother,
And we are her children.
Don't scold her,
Because she is the most
important person in our life,
I love my mother,
Than all other
blessings of God,
She loves me,
She takes care of me
Mother, the greatest blessing of God.
**Swafa M, 8E**



# കൂട്ടുകാരൻ

എനിക്ക് പണ്ടുണ്ടായിരുന്നൊരു....
കൂട്ടുകാർ എൻ്റെ അമ്മയും അച്ഛനും
അവർക്ക് കൂട്ടിനുണ്ടായിരുന്നു...
നായയും പൂച്ചയും...
കൂടെ ഞാനും അനിയനും...
ഇന്നെനിക്കുണ്ടൊരു കൂട്ട്...
അവരൊന്നുമില്ല ആ കൂട്ടത്തില്
അതെൻ്റെ സ്വന്തം മൊബൈൽ
ഫോണാണ്
എനിക്കതിലുണ്ട് ഒരുപാട് കൂട്ടുകാർ
ഫെയ്സ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റയും
റീൽസും ഷോർട്ട്സും യൂട്യൂബുമായങ്ങനെ
നീണ്ട് നീണ്ട് പോകും ആ കൂട്ടുകാർ
വീടിൻ്റെ മുന്നിലിരിക്കുന്ന
രണ്ടാളുകൾ
കണ്ടതെൻ മനസിൽ ഓർത്തില്ല
അവരാരെന്ന്...
പിന്നീടനിയൻ പറഞ്ഞറിഞ്ഞു
അവരെൻ്റെ സ്വന്തം അച്ഛനും
അമ്മയുമാണെന്ന്...
ഞാനറിയാതെ കൂട്ടുപിടിച്ച
കൂട്ടുകാരെ ഞാൻ ത്യജിച്ചില്ലെങ്കിൽ
നഷ്ടമാകും എനിക്കെൻ്റെ അമ്മയും
അച്ഛനും അനിയനും എന്ന
കാര്യം ഞാൻ ഓർത്തുപോയി...

Hanna A, 9G



# പൂന്തോപ്പ്

ചെറുകിളിപ്പാട്ടു കേട്ട് ഉദ്യാനമേലാപ്പും
ഭൂമിയുമാകവേ കോരിത്തരിച്ച നേരം
നറുമണം ചോരുമാമലർ കണി കാണുവാൻ
പതംഗങ്ങളായിരം വിരുന്നിനെത്തി– തേൻ
നുകരുന്നു ചേലോടെയാരാമത്തിൽ
പിച്ചിയും ജമന്തി പിച്ചകവും
പിന്നെ തൂമയെഴും പനിനീർ നിരയും
മുല്ല, നിശാഗന്ധിയാന്തൂറിയം കൂടെ മനം
കവർന്നീടുമൊരോർക്കിഡ് നിര
പലജാതി പല പേരിൽ പലതാം സൗരഭ്യത്തിൽ
പറുദീസ തീർക്കുന്നു പാരിടത്തിൽ, നമ്മൾ
അണിയിച്ചൊരുക്കുന്നിതാമോദത്താൽ
ഇവിടെ തുടിക്കും ഹൃദയമതൊരേ രാഗത്തിൽ
ഇവിടെ കിനിയും രുധിരമതൊരേ ചായത്തിൽ
ഇവിടെ കിനിയും മിഴിനീരുമതൊരേ... ലവണത്തിൽ
മറക്കാനരുതാത്ത ജീവതത്വം !!!
മഞ്ഞും മഴയും വെയിലും നിലാവും
മന്ദമാരുതനും നമുക്കെല്ലാം ബന്ധു
തെക്കും വടക്കും കിഴക്കും പടിഞ്ഞാറും
ദിക്കുകൾ നാലും നമുക്കെല്ലാം സുപര്യം
പിന്നെന്തിനീ വേലി?
പിന്നെന്തിനീ മതിൽ?
മനുഷ്യമനസ്സിൽ നടുന്നു നമ്മൾ?
മാനുഷികത്തിൻ്റെ അർത്ഥം മറക്കുന്നു.
തമ്മിൽ തിരിവുകൾ വാർത്തിടുന്നു ???
പൂമിഴി തുറക്കുന്നതാർക്കുവേണ്ടി...
കിളിനാദമുതിർക്കുന്നതാർക്കുവേണ്ടി...
അനിലനനർഘളമണയുന്നിതാർക്കു
വേണ്ടി...
ഒന്നായ് ഒരുമയായ് ഒരു നദിയായ്
ഒഴുകിടാം
ജീവനിൽ കുളിരേകിടാം.

**Mahima K Madhusoodanan, 9F**



# മിട്ടുവും കിട്ടുവും

നല്ല മനോഹരമായ ഒരു കാട്ടിൽ മിട്ടു എന്ന് പേരുള്ള പൂച്ചയും കിട്ടു എന്ന് പേരുള്ള ഒരു എലിയും ഉണ്ടായിരുന്നു. മിട്ടുവിന് കിട്ടുവിനോട് വളരെ ദേഷ്യം ആയിരുന്നു. പക്ഷേ കിട്ടുവിന് മിട്ടുവിനോട് ഇഷ്ടം ആയിരുന്നു. മിട്ടുപ്പൂച്ച കിട്ടുവിനെ എപ്പോഴും ഉപദ്രവിക്കുമായിരുന്നു. എന്നാലും കിട്ടു അത് സഹിച്ചുകൊണ്ടേയിരുന്നു. മിട്ടുപ്പൂച്ച യുടെ കൂട്ടുകാർക്ക് അവനെ ഇഷ്ട്ടമില്ലായിരുന്നു. അവർ ഇഷ്ട്ടമുള്ളത് പോലെ യാണ് അവനോട് പെരുമാറുന്നത്. ഇതൊന്നും മിട്ടുവിന് അറിയില്ലായിരുന്നു. പക്ഷേ അത് കിട്ടുവിന് അറിയാമായിരുന്നു. ഇത് ഒരുപാട് തവണ മിട്ടുവിനോട് പറയാൻ വിചാരിച്ചെങ്കിലും കിട്ടുവിനെ കാണുമ്പോഴെല്ലാം മിട്ടു അവനെ ഓടിക്കു മായിരുന്നു. ഒരു ദിവസം മിട്ടുവിൻ്റെ കൂട്ടുകാർ അവനെ കാട്ടിൽ കൊണ്ടുപോയി. അവർ കളിക്കാനാണ് എന്നാണ് അവനോട് പറഞ്ഞത്. പക്ഷെ അവർ അവനെ കാട്ടിൽ ഒരു മരത്തിൽ കെട്ടിയിടാനായിരുന്നു കൊണ്ട് പോയത്. ഈ കാര്യം കിട്ടുവിന് അറിയാമായിരുന്നു. കാരണം മിട്ടുവിൻ്റെ കൂട്ടുകാർ അവനെ കാട്ടിൽ കെട്ടിയിടുന്ന കാര്യം പറയുന്നത് അവൻ കേട്ടിരുന്നു. അത് കൊണ്ട് കിട്ടുവും കാട്ടിലേക്ക് പോയി. മിട്ടുവിനെ മരത്തിൽ കെട്ടിയിട്ട് അവർ എല്ലാവരും അവനെ കളിയാക്കി അവിടെ നിന്ന് പോയി. അപ്പോൾ കിട്ടു അവൻ്റെ മൂർച്ചയേറിയ പല്ല് കൊണ്ട് ആ കയർ മുറിച്ച് മിട്ടു വിനെ രക്ഷപ്പെടുത്തി. മിട്ടു കിട്ടുവിനോട് നന്ദി പറ ഞ്ഞു. പിന്നീട് അവർ ആത്മാർത്ഥ സുഹൃത്തുക്കളായി മാറി.

Rifa Mehrin T, 9B



# എന്റെ നാട്

ഉണങ്ങിക്കിടക്കുന്ന മരത്തിൻ ചുവട്ടിലൂടെ
പോകുന്നു ഞാനെന്റെ നാട്ടുകാണാൻ
പാറമുകളിൽ ചെന്നെത്തി ഞാൻ കാണുന്നു
എത്ര മനോഹരമാം എന്റെ നാട്
അങ്ങോട്ടുമിങ്ങോട്ടും വീശുന്ന കാറ്റിനെ
തടയാൻ നിൽക്കുന്ന വന്മരങ്ങളും
നാടിന്റെ ഭംഗിയും പച്ചപ്പും വിരിയിച്ചു
നിൽക്കുന്ന മരത്തൈകളും
സൂര്യൻ അസ്തമിക്കും വരെ നോക്കി
നിന്നു ഞാൻ എൻ നാടിന്റെ ഭംഗി
സൂര്യനസ്തമിക്കും ശാഖകളെന്റെ
നാടിനെ ഭംഗിയാക്കി...
എത്ര മനോഹരമാക്കി...

Rasha Parveen N. K, 8G



# ART GALLERY



Minha E, 8E




Raheema, 9G



Dilna Meharin V.P, 8F





Ziya Fathima, 8E

# SCHOOL ALBUM



ഒരു പോസ്റ്റർ നിർമ്മാണം



ഒന്നിച്ച് ഒരു തൈ നടാം...




കളിക്കളത്തിലേക്ക്...




അസംബ്ലിയിലെ ചിരിയും ചിന്തയും



ഒന്നായ് പ്രതിജ്ഞ ചൊല്ലാം...



മാസ്റ്ററോടൊപ്പം ലിറ്റിൽ കൈറ്റ്സ്



✿ സപ്ലിമെന്റ് പ്രകാശനം



✿ ചിട്ടയോടെ ചുറുചുറുക്കോടെ

## SCHOOL ALBUM



ഒന്നിച്ചൊന്നായ് പാടാം...




പതാകയേന്തി...



ഒരു യാത്രാമൊഴി...




ടീൻസ് ക്ലബ് ബോധവൽക്കരണം



**Abraham Alex**
Little Kites Master


എടക്കര ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ചേർന്ന് ഒരുക്കിയ 'PASSWORD' എന്ന ഈ ഡിജിറ്റൽ മാഗസിൻ ഒരു വലിയ സ്വപ്നത്തിന്റെയും അതിനു വേണ്ടിയുള്ള പരിശ്രമത്തിന്റെയും പൂർണ്ണതയാണ്. വിവരസാങ്കേതികവിദ്യയുടെ ഏറ്റവും പുതിയ സങ്കേതങ്ങൾ ഉപയോഗിച്ചു കൊണ്ടാണ് ഈ മാഗസിൻ ഒരുക്കിയിരിക്കുന്നത്. ഇതിലെ കഥകൾക്കും കവിതകൾക്കും ഒക്കെ ചിത്രങ്ങൾ തയാറാക്കിയത് നിർമ്മിത ബുദ്ധിയും ഇമേജ് എഡിറ്റിങ് സോഫ്റ്റ്‌വെയറുകളും ഉപയോഗപ്പെടുത്തിയാണ്. വർഷാവസാന പരീക്ഷയുടെ പഠനത്തിരക്കുകൾക്കിടയിലും കുട്ടികളുടെ മികച്ച സൃഷ്ടികൾ ശേഖരിക്കാനും അത് മാഗസിൻ രൂപത്തിലേക്ക് ഒരുക്കാനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തിയ പ്രയത്നം വിലമതിക്കാനാവില്ല. കുട്ടികൾ ചെയ്തതിൽ നിന്ന് തെരഞ്ഞെടുത്ത മികവുറ്റ സൃഷ്ടികൾ കൃത്യമായി കമ്പോസ് ചെയ്യാനും എഡിറ്റ് ചെയ്യാനും ഡിസൈൻ ചെയ്യാനുമൊക്കെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നേതൃത്വം നൽകി. അവർക്ക് പിന്തുണ നൽകിയ ഹെഡ് മിസ്ട്രസ്സ് ഷേർലിടീച്ചർ, PTA പ്രസിഡന്റ് ശ്രീ ഷാജി എടക്കര, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് ജാസിന ടീച്ചർ, എഡിറ്റോറിയൽ അംഗ ങ്ങളായ ശശി സാർ, സന്ധ്യ ടീച്ചർ, അജി ടീച്ചർ, ഹാഫിസ് സാർ, ഷീന ടീച്ചർ, വിദ്യ ടീച്ചർ, അനിൽ സാർ, മാജിദ ടീച്ചർ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. ഈ മാഗസിന് 'PASSWORD' എന്ന പേര് നിർദ്ദേശിച്ച പ്രമോദ് സാറിനും നന്ദി അർപ്പിക്കുന്നു. മാഗസിൻ നിർമ്മാണത്തിൽ സജീവമായ പിന്തുണ നൽകിയ ഓഫീസ് അസിസ്റ്റന്റ്സ് സന്ധ്യ, സ്റ്റിജി എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. മാഗസിന് വേണ്ടി സൃഷ്ടികൾ തയാറാക്കിയ എല്ലാ കൊച്ചു മിടുക്കന്മാർക്കും മിടുക്കികൾക്കും അഭിനന്ദനങ്ങളും നന്ദിയും നേരുന്നു.

ലിറ്റിൽ കൈറ്റ്സ് മാഗസിൻ എഡിറ്റോറിയലിനു വേണ്ടി...


GOVERNMENT HIGHER SECONDARY SCHOOL
EDAKKARA
ജിഎച്ച്എസ്എസ് എടക്കര
2024-25 അധ്യയനവർഷത്തിലേക്കുള്ള
അഡ്മിഷൻ
ഫെസ്റ്റ് 2024
KG, 1ST CLASSES
മികച്ച അധ്യാപകർ
ഹൈ ടെക് ക്ലാസ്സ് മുറികൾ
ATL ലാബ് സൗകര്യം
ഇംഗ്ലീഷ് മലയാളം മീഡിയം
നവീകരിച്ച പ്രീപ്രൈമറി,പ്രൈമറി ക്ലാസ്സ് മുറികൾ
വിശാലമായ ലൈബ്രറി സൗകര്യം
എസ്എസ്എൽസി സമ്പൂർണ്ണ വിജയം
ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സൗകര്യം
SPC, JRC, LITTLE KITES
LSS, USS, NMSS പരിശീലനം
മികച്ച ഐടി ലാബ്
മികച്ച കായിക പരിശീലനം
ബസ് സൗകര്യം ലഭ്യമാണ്
2024
ഫെബ്രുവരി
24
രജിസ്ട്രേഷന് ബന്ധപ്പെടുക : 8606 012910, 9539 913541

# GHSS EDAKKARA PASSWORD

## SCHOOL DIGITAL MAGAZINE 2024



DIGITAL MAGAZINE 2024

AN ENDEAVOUR OF SCHOOL LITTLE KITES UNIT